പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2900 — 12.10.2011 – ൽ മറുപടിയ്ക്ക്

## കാർഷിക വായ്പ രീതിയിൽ മാറ്റം വരുത്തുന്നതിന് നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.എം.വി.ശ്രേയാംസ് കുമാർ | | ശ്രീ. കെ.പി.മോഹനൻ<br>(കൃഷിയും മൃഗ സംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) കാർഷിക മേഖലയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ബാങ്കുകൾ നൽകുന്ന കാർഷിക വായ്പാരീതിയിൽ മാറ്റം വരുത്തുന്നതിന് നിർദ്ദേശം നൽകുമോ; | (എ) | സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ ബാങ്കുകൾ മുഖേന കാർഷിക വായ്പാ വിതരണം വർദ്ധിപ്പിക്കുന്നതിനായി, കാർഷിക-കാർഷിക അനുബന്ധ ആവശ്യങ്ങൾക്ക് വായ്പ കൂടുതൽ നൽകുന്നതിനും ടെറസിലെ പച്ചക്കറി കൃഷി, വീട്ടു പറമ്പിലെ കൃഷി, നെൽകൃഷി എന്നിവ വ്യാപിപ്പിക്കുന്നതിനുമായി ഓരോ സംഘവും നടപടികൾ സ്വീകരിക്കണമെന്നും അതിനുവേണ്ടി സ്വാശ്രയ സംഘങ്ങളുടെയും കുടുംബശ്രീ അടക്കമുള്ള മറ്റ് ഗ്രൂപ്പുകളുടെയും സഹായങ്ങൾ തേടണമെന്നും ഇക്കാര്യത്തിൽ വായ്പയും മറ്റ് അനുബന്ധ സൗകര്യങ്ങളും ലഭ്യമാക്കുകയും ചെയ്യേണ്ടതാണ് എന്നുള്ള സർക്കുലർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) ഒരു ഏക്കറിന് എത്ര രൂപയാണ് ഇപ്പോൾ കാർഷിക വായ്പ നൽകുന്നത്; ഇത് ഉയർത്തുന്ന കാര്യം പരിഗണിക്കുമോ; | (ബി) | ജില്ലാതല ടെക്നിക്കൽ കമ്മിറ്റി നിശ്ചയിക്കുന്ന സ്കെയിൽ ഓഫ് ഫിനാൻസിന് വിധേയമായാണ് സഹകരണ സംഘങ്ങൾ/ബാങ്കുകൾ വായ്പ നൽകിവരുന്നത്. ഓരോ വർഷവും ജില്ലാതല ടെക്നിക്കൽ കമ്മിറ്റി കൂടി വായ്പാ തുക കാലാനുസൃതമായി പരിഷ്ക്കരിക്കാറുണ്ട്. കൃഷി സ്ഥലത്തിന്റെ വിസ്തൃതി, കൃഷി ചെയ്യുന്ന വിള, അനുബന്ധ പ്രവർത്തനങ്ങൾ, കാർഷിക യന്ത്രങ്ങളുടെ പരിപാലനം, ഉപഭോഗ ആവശ്യങ്ങൾ, കാർഷികേതര മേഖലാ പ്രവർത്തനങ്ങൾക്കുള്ള പ്രവർത്തന മൂലധനം തുടങ്ങിയ ആവശ്യങ്ങൾ പരിഗണിച്ചാണ് വായ്പാ തുക നിശ്ചയിക്കുന്നത്. ഹ്രസ്വകാല/ മധ്യകാല കാർഷിക വായ്പകളുടെയും നബാർഡ് റീഫൈനാൻസ് ലഭ്യമാകുന്ന ഒരു വർഷ കാലാവധിയുള്ള ഹ്രസ്വകാല കാർഷികവിള വായ്പകളുടെയും പരിധി, സ്കെയിൽ ഓഫ് ഫിനാൻസിന് വിധേയമായി 10 ലക്ഷം രൂപയാക്കി ഉയർത്തിയിട്ടുണ്ട്. കൂടാതെ നെൽകൃഷിക്ക് ഇപ്പോൾ പരിധിയില്ലാതെ പലിശരഹിത വായ്പയും നൽകിവരുന്നു. സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ ബാങ്കുകൾ മുഖേന ഹ്രസ്വകാല കാർഷിക വിള വായ്പകൾ കുറഞ്ഞ പലിശനിരക്കിൽ കൂടുതലായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| (സി) കർഷകർക്ക് പലിശരഹിത വായ്പ നൽകുന്നതിന് നിർദ്ദേശം നൽകുമോ;; | (സി) | നെൽകർഷകർക്കുള്ള പലിശ രഹിത വായ്പാ പദ്ധതി സംസ്ഥാനത്ത് ഇപ്പോൾ തന്നെ നടപ്പാക്കി വരുന്നുണ്ട്. സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ വഴി 7% പലിശ നിരക്കിൽ വിതരണം ചെയ്യുന്ന കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് 2011-12 വർഷം മുതൽ 3% പലിശ ഇളവ് കേന്ദ്ര സർക്കാർ അനുവദിക്കുന്നുണ്ട്. കൂടാതെ 2011-12 വർഷത്തേക്കുള്ള പുതുക്കിയ ബഡ്ജറ്റിൽ വായ്പയെടുക്കുന്ന കൃഷിക്കാരെയും വായ്പ നൽകുന്ന സ്ഥാപനങ്ങളെയും ഒരേ സമയം സംരക്ഷിക്കുന്നതിന് കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്നവർക്കായി ഒരു ഉത്തേജന പലിശ ഇളവു പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. ആയത് പ്രകാരം സഹകരണ സ്ഥാപനങ്ങളിൽ നിന്ന് കാർഷിക വായ്പ എടുക്കുന്ന ഏതൊരാൾക്കും പ്രസ്തുത വായ്പാ തുക (മുതൽ) കൃത്യ തീയതിയിൽ തിരിച്ചടയ്ക്കുന്ന പക്ഷം 5% പലിശ ഇളവ് നൽകുന്നതിനും ഉദ്ദേശിച്ചിട്ടുണ്ട്. |
| (ഡി) സംസ്ഥാനത്ത് രൂപീകരിച്ചിരിക്കുന്ന കാർഷിക വികസന സമിതിയുടെ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ? | (ഡി) | സംസ്ഥാനത്ത് രൂപീകരിച്ചിട്ടുള്ള കാർഷിക വികസന സമിതിയുടെ പ്രവർത്തനങ്ങൾ താഴെ പറയുന്നവയാണ്.<br>1. സംസ്ഥാനത്ത് നടപ്പാക്കുന്ന കാർഷിക വികസന പദ്ധതികളുടെ പുരോഗതി അവലോകനം ചെയ്യുക. വികസന പരിപാടികളിൽ ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഏജൻസികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത് സംബന്ധിച്ച പ്രശ്നങ്ങൾക്ക് പരിഹാരങ്ങൾ നിർദ്ദേശിക്കുക,<br>2. കാർഷിക ഉല്പാദനത്തിൽ നയപരമായ മാർഗ്ഗ നിർദ്ദേശങ്ങൾ രൂപവൽക്കരിക്കുക, കാർഷികോത്പാദന പരിപാടികൾ സമയബന്ധിതമായി നടപ്പിലാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുക,<br>3. വളം, കീടനാശിനി, വിത്ത്, തൈകൾ, വായ്പാ സൗകര്യങ്ങൾ മുതലായവയുടെ ലഭ്യത അവലോകനം ചെയ്യുക.<br>4. നാണ്യവിളകളുടെ വിലനിലവാരം അവലോകനം ചെയ്യുക. വിലയിടിവിന് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുക. |

സെക്ഷൻ ഓഫീസർ